## പതിനാലാം കേരള നിയമസഭ
## 10-ാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1573** **07.03.2018-ൽ മറുപടി നൽകേണ്ടിയിരുന്നത്**

## കായൽ അരികകളിൽ അനധികൃത കെട്ടിട നിർമ്മാണം

ചോദ്യം
ശ്രീ.പി.സി. ജോർജ്:

മറുപടി
**പിണറായി വിജയൻ**
(മുഖ്യമന്ത്രി)

| ചോദ്യം | മറുപടി |
| --- | --- |
| (എ) കേരളത്തിലെ മിക്ക കായൽ അരികകളിലും അനധികൃത കെട്ടിട നിർമ്മാണം നടത്തിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ), ഉണ്ട്. |
| (ബി) കായൽ അരികിൽ നിന്നും എത്ര മീറ്റർ മാറി കെട്ടിടം പണിയണമെന്നാണ് നിബന്ധന; | (ബി) കടലുമായി ബന്ധപ്പെട്ടിരിക്കുന്നതും വേലിയേററ വേലിയിറക്കങ്ങളാൽ സ്വാധീനിക്കപ്പെടുന്നതുമായ കായലുകളുടെ CRZ III- ൽ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ വേലിയേറ്റ രേഖമുതൽ കരയുടെ ദിശയിലേക്ക് നൂറ് മീറ്റർ വരെയുള്ള പ്രദേശം അഥവാ കായലിന്റെ വീതി ഇതിൽ ഏതാണോ കുറവ് അത്രയും പ്രദേശം വികസന നിക്ഷിദ്ധ മേഖലയായിരിക്കും. CRZ II- ൽ കായലിന്റെ വേലിയേറ്റ രേഖ മുതൽ കരയുടെ ദിശയിലേക്ക് ഉള്ള പ്രദേശത്ത് നിലവിലുള്ള പാതയിൽ നിന്നും കരയുടെ ഭാഗത്തേക്കോ, അതോ നിലവിലുള്ള അംഗീകൃത നിർമ്മിതി- |

കളിൽ നിന്നും കരയുടെ ഭാഗത്തേക്കോ മാത്രമേ കെട്ടിടങ്ങൾ അനുവദിക്കുകയുള്ളു. പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ നിലവിലുള്ള പ്രാദേശിക നഗര/ദേശീയ പദ്ധതി നിയന്ത്രണത്തിന് അനുസൃതമായിരിക്കണം.

കായൽ തുരുത്തുകളിൽ CRZ പരിധി വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ ആണ്.

(സി) തിരുവനന്തപുരം, ആക്കുളം കായലിന്റെ തീരത്ത് നടപ്പാതയിൽ നിന്നും എത്ര മീറ്റർ മാറി കെട്ടിടം നിർമ്മിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ; ആക്കുളം കായൽ മേഖലയിൽ ആക്കുളം പാലത്തിനു താഴെ കിഴക്ക് പടിഞ്ഞാറായി നിലവിലുള്ള നടപ്പാതയിൽ നിന്നും എത്ര മീറ്റർ മാറി കെട്ടിടം നിർമ്മിക്കുവാൻ കഴിയും; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ആക്കുളം കായലിന്റെ തീര പ്രദേശങ്ങൾ CRZ III-ൽ ഉൾപ്പെടുന്നതിനാൽ പ്രസ്തുത പ്രദേശങ്ങളുടെ വേലിയേറ്റ രേഖമുതൽ കരയുടെ ദിശയിലേക്ക് നൂറ് മീറ്റർ വരെയുള്ള പ്രദേശം അഥവാ കായലിന്റെ വീതി ഇതിൽ ഏതാണോ കുറവ് അത്രയും പ്രദേശം വികസന നിക്ഷിദ്ധ മേഖലയായിരിക്കും.

(ഡി) ടി പ്രദേശം സി. ആർ. ഇസഡ് -II ൽ പെടുന്നതാണോ; സി. ആർ. ഇസഡ് II ലെ നിബന്ധനകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ഡി) അല്ല. അംഗീകൃത തീരദേശ മേഖലാ പദ്ധതി പ്രകാരം പ്രസ്തുത പ്രദേശം CRZ III- ൽ ഉൾപ്പെടുന്നു.

1. CRZ II- ൽ ജലാശയത്തിന്റെ വേലിയേറ്റ രേഖമുതൽ കരയുടെ ദിശയിലേക്കുള്ള പ്രദേശത്ത്, നിലവിലുള്ള പാതയിൽ നിന്നും കരയുടെ ഭാഗത്തേക്കോ, അതോ നിലവിലുള്ള അംഗീകൃത

നിർമ്മിതികളിൽ നിന്നും കരയുടെ ഭാഗത്തേക്കോ, മാത്രമേ കെട്ടിടങ്ങൾ അനുവദിക്കുകയുള്ളൂ.

2. നിലവിലുള്ളതോ, നിർദ്ദിഷ്ടമായതോ ആയ പാതകളിൽ നിന്നും നിലവിലുള്ള അംഗീകൃത നിർമ്മിതികളിൽ നിന്നും കരയുടെ ഭാഗത്തേക്ക് കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുമ്പോൾ നിലവിലുള്ള പ്രാദേശിക നഗര/ദേശീയ പദ്ധതി നിയന്ത്രണത്തിന് അനുസൃതമായിരിക്കണം. അതിൽ നിലവിലുള്ള തറ വിസ്തൃതി സൂചിക അഥവാ തറ വിസ്തൃതി അനുപാതത്തിന്റെ മാനദണ്ഡങ്ങൾ ഉൾപ്പെട്ടിരിക്കണം. നിലവിലുള്ള പാതയുടെ കായൽ ഭാഗത്തേക്ക് നിർമ്മിച്ചിരിക്കുന്ന ഏതെങ്കിലും പുതിയ പാതകളുണ്ടെങ്കിൽ അവയുടെ കരഭാഗത്തേക്ക് കെട്ടിടങ്ങളുടെ നിർമ്മാണാനുമതി നൽകുന്നതല്ല.

3. നിലവിലുള്ള തറ വിസ്തൃതി സൂചിക/തറ വിസ്തൃതി അനുപാത മാനദണ്ഡങ്ങൾക്കനുസൃതമായും, നിലവിലുള്ള ഉപയോഗത്തിൽ മാറ്റം വരുത്താതെയും അംഗീകൃത നിർമ്മിതികൾക്ക് പുനർ നിർമ്മാണം അനുവദനീയമാണ്.

| | |
|---|---|
| (ഇ) കൊച്ചി മറൈൻ ഡ്രൈവിൽ കായൽ തീരത്ത് ഹോട്ടലുകളും, കെട്ടിടങ്ങളും പണിതിരിക്കുന്നത് ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണ്എന്ന് വിവരിക്കുമോ; | (ഇ) 2011-ലെ പുതുക്കിയ തീരദേശ നിയന്ത്രണ മേഖല വിജ്ഞാപനം, കേരള മുനിസിപ്പൽ ബിൽഡിംഗ് റൂൾ. |
| (എഫ്) കേരളത്തിൽ ടൂറിസം വികസനത്തിനായും മറ്റും കായൽതീരങ്ങളിലും നല്ല വാട്ടർ ഫ്രണ്ടേജുള്ള സ്ഥലങ്ങളിലും പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി വിവിധതരം പ്രോജക്ടുകൾക്ക് അനുമതി നൽകാൻ നടപടി സ്വീകരിക്കുമോ; കേന്ദ്രസർക്കാർ നിലവിലുള്ള സി. ആർ. ഇസഡ് - ലെ കർശന നിയമം മാറ്റി പുതിയ ഉത്തരവ് ഇറക്കുവാൻ പോകുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എഫ്) നിലവിലുള്ള CRZ ചട്ടങ്ങൾക്ക് വിധേയമായി അനുമതി നൽകുന്നതാണ്. CRZ സംബന്ധിച്ച പുതുക്കിയ വിജ്ഞാപനം കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടില്ല. പുതുക്കിയ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായി സംസ്ഥാനങ്ങളുടെ അഭിപ്രായം കേന്ദ്ര സർക്കാർ സ്വരൂപിക്കുന്ന പക്ഷം, കേരളത്തിന്റെ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതാണ്. |
| (ജി) സി. ആർ. ഇസഡ് സംബന്ധിച്ച് കേരളത്തിൽ മാറ്റം വരുത്തേണ്ട കാര്യങ്ങളെക്കുറിച്ച് കേന്ദ്രത്തിനെ ധരിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ കായൽ പ്രദേശങ്ങളിലാണെന്നും എന്തൊക്കെ മാറ്റങ്ങൾ ഉണ്ടാകണമെന്നാണ് അറിയിച്ചിരിക്കുന്നതെന്നും വെളിപ്പെടുത്തുമോ; കേരളത്തിലെ കായൽ പ്രദേശങ്ങൾ ഏത് സി. ആർ. ഇസഡ് കാറ്റഗറിയിലാണെന്ന് ഇനം | (ജി) സി.ആർ.ഇസഡ് സംബന്ധിച്ച് കേരളത്തിൽ മാറ്റം വരുത്തേണ്ട കാര്യങ്ങളെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. തീരദേശ പരിപാലന നിയമത്തിന്റെ പരിധിയിൽ വരുന്ന കേരളത്തിലെ എല്ലാ കായൽ പ്രദേശങ്ങളിലും ബാധകമാകുന്ന നിർദ്ദേശങ്ങളാണ് സമർപ്പിച്ചിരിക്കുന്നത്. CRZ III-മേഖലയിൽ ഉൾപ്പെടുന്ന പ്രദേശത്തെ കായലുകളുടെ വേലിയേറ്റ രേഖയിൽ |

| | |
|---|---|
| തിരിച്ചും സ്ഥലം തിരിച്ചും വിശദമാക്കുമോ? | നിന്നും 10 മീറ്റർ കഴിഞ്ഞു വരുന്ന കരഭാഗത്തും, കായൽ തുരുത്തുകളിൽ നിലവിലുള്ള അംഗീകൃത നിർമ്മിതികളുടേയോ റോഡിന്റേയോ കരഭാഗത്തേക്ക് വരുന്ന പ്രദേശത്തും, തദ്ദേശവാസികൾക്കും, പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കും ഗൃഹ നിർമ്മാണം അനുവദിക്കുക, കായൽ പ്രദേശത്തുള്ള തിരഞ്ഞെടുക്കപ്പെട്ട ടൂറിസം കേന്ദ്രങ്ങളിൽ വികസന നിഷിദ്ധ മേഖല വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ ആയി നിജപ്പെടുത്തുക തുടങ്ങിയ നിർദ്ദേശങ്ങളാണ് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരിക്കുന്നത്.<br>കേരളത്തിലെ വേലിയേറ്റ പ്രഭാവമുള്ള (ലവണത്വം 5ppt-യിൽ അധികമുള്ള) കായൽ പ്രദേശങ്ങൾ നിലവിൽ CRZ IV കാറ്റഗറിയിൽ ഉൾപ്പെടുന്നു. |

സെക്ഷൻ ഓഫീസർ